പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 902 — 12.06.2013 ന് മറുപടിയ്ക്ക്

## ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഗവ.ഐ.ടി.ഐ. യിൽ പുതുതായി ഏതൊക്കെ ട്രേഡുകൾ ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ; | (എ) ചാത്തന്നൂർ ഐ.ടി.ഐ. യിൽ 28.10.2010 ൽ അനുവദിച്ചിരുന്ന ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ഒരു യൂണിറ്റ് 2012 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2013 ആഗസ്റ്റ് മാസം മുതൽ ഫിറ്റർ, വെൽഡർ എന്നീ ട്രേഡുകൾ പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പുതുതായി ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാത്തതിലും പുതിയ തസ്തിക അനുവദിക്കാത്തതിലും പ്രതിഷേധം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) പ്രസ്തുത ഐ.ടി.ഐ. യിൽ പുതിയ ട്രേഡും അതനുസരിച്ചുള്ള തസ്തികകളും അനുവദിക്കുമോ? | (സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വെയർ, ഫിറ്റർ, വെൽഡർ (ഗ്യാസ് & ഇലക്ട്രിക്), മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ നാലു പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഡവലപ്മെന്റ് പ്ലാൻ അംഗീകരിക്കുകയും ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും 250 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ട്രേഡുകൾക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ